# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 488

## 04/02/2020 ൽ മറുപടി നൽകേണ്ടത്

## വിധവ പെൻഷൻ മുടങ്ങാതിരിക്കുവാൻ നടപടി

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**മറുപടി**

ഡോ. റ്റി.എം.തോമസ് ഐസക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | വർഷങ്ങളായി വിധവ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന വിവാഹമോചിതർക്ക് പെൻഷൻ നിർത്തലാക്കി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | ഉണ്ട്. ഭർത്താവ് മരണപ്പെട്ടുകയോ, 7 വർഷത്തിലധികമായി ഭർത്താവിനെ കാണാനില്ലാത്തതോ ആയവർ മാത്രമാണ് 'വിധവ' എന്ന വിഭാഗത്തിൽപ്പെടുന്നത്. അതിനാൽ അവർ മാത്രമേ വിധവാ പെൻഷന് അർഹരാകൂ. ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്/ ഭർത്താവിനെ ഏഴുവർഷമായി കാണാനില്ല എന്നു സാക്ഷ്യപ്പെടുത്തി റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ് വിവരങ്ങൾ '***സേവന***'യിൽ രേഖപ്പെടുത്തണം. നിയമപരമായി വിവാഹമോചനം നേടിയവരും ഭർത്താവിൽ നിന്നും അകന്നു കഴിയുന്നവരും 'വിധവ' എന്ന വിഭാഗത്തിൽപ്പെടില്ല. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് 25/04/2019-ലെ 35/2019/ധന, 11/12/2019-ലെ 97/2019/ധന എന്നീ നമ്പറുകളിലുള്ള പരിപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഭർത്താക്കന്മാരുടെ മരണം വിവിധ കാരണങ്ങളാൽ രജിസ്റ്റർ ചെയ്യാൻ കഴിയാത്ത അറുപതു വയസ്സുകഴിഞ്ഞ വിധവകൾക്ക് പോലും സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല |

| | | |
|---|---|---|
| (സി) | എങ്കിൽ നിലവിൽ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന വിധവകൾക്ക് സാമൂഹ്യ ക്ഷേമ പെൻഷൻ മുടങ്ങാതിരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്

**സർക്കുലർ നമ്പർ 35 /2019/ധന തിയതി 25/04/2019**

വിഷയം: സാമൂഹ്യ സുരക്ഷാ പെൻഷൻ – അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ അനുവദിക്കുന്നതിലേക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ച് കൊണ്ടിരിക്കുന്നു . സംസ്ഥാനത്ത് നിലവിൽ 13 ലക്ഷത്തിൽപ്പരം പേർ വിധവാ പെൻഷൻ വാങ്ങിവരുന്നു. ഇത്തരത്തിൽ വിധവാ പെൻഷൻ വാങ്ങുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സർക്കാരിൽ ലഭിക്കുകയുണ്ടായി. വിവാഹ മോചനത്തിനായി കേസു നടക്കുന്ന സാഹചര്യത്തിലും ഭർത്താവുമായി അകന്ന് കഴിയുന്നവർക്കും വിധവാ പെൻഷൻ അനുവദിക്കുന്ന പ്രവണത പ്രാദേശിക സർക്കാരുകളിൽ കണ്ട് വരുന്നു . ഇത് ഒഴിവാക്കേണ്ടതാണ് . ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യവുമാണ്. അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിലേക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്തികൊണ്ട് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയ യഥാർത്ഥ വിധവകൾക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ .
2. 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
3. നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല . അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
4. വിധവയല്ലാത്ത , എന്നാൽ ഭർത്താവിൽ നിന്നും അകന്ന് കഴിയുന്ന വ്യക്തികൾക്ക് ചട്ട വിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല .
5. ഇത്തരത്തിൽ വിധവാ പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് നമ്പർ , തീയതി , സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ് .

6. 7 വർഷമായി ഭർത്താവിനെ കാണാനില്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ നമ്പർ , തീയതി ഓഫീസ് എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സേവനയിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ് .

7. ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ നടത്തിയ ശേഷം മാത്രം ഡേറ്റാ എൻട്രി പൂർത്തിയാകുന്ന തരത്തിൽ സേവനയിൽ ആവശ്യമായ ക്രമീകരണം നടത്താൻ ഇൻഫർമേഷൻ കേരള മിഷന് നിർദ്ദേശം നൽകുന്നു.

8. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനർഹർക്ക് വിധവാ പെൻഷൻ അനുവദിക്കുകയാണെങ്കിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് പ്രാദേശിക സർക്കാരിലെ ബന്ധപ്പെട്ടവർ ബാധ്യസ്ഥരായിരിക്കും .

**പ്രദീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്.)
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് ( എസ് എഫ് സി– ബി2/30/2018/ധന)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ധനകാര്യ (എസ് എഫ്. സി-ബി) വകുപ്പ്

സർക്കുലർ നമ്പർ: 97/2019/ധന                    തീയതി, തിരുവനന്തപുരം,11.12.2019.

## സർക്കുലർ

വിഷയം:-സാമൂഹ്യ സുരക്ഷാ പെൻഷൻ - അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ അനുവദിക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ നിലവിൽ വിധവാ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാണെന്ന് വ്യക്തമാക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 25.04.2019 -ലെ 35/2019/ധന നമ്പർ പരിപത്രം.

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ സർക്കാരിൽ ലഭിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അർഹരായവർക്ക് മാത്രം വിധവാ പെൻഷൻ ലഭിക്കുന്നതിലേക്ക് പരാമർശത്തിലെ പരിപത്രം പ്രകാരം താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്:

1. ഭർത്താവ് മരണപ്പെടുകയോ 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തതോ ആയ യഥാർത്ഥ വിധവകൾക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
2. 7 വർഷത്തിലധികമായി ഭർത്താവിനെ കാണാൻ ഇല്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന വിധവാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിധവാ പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.
3. നിയമപരമായി വിവാഹ മോചനം നേടിയവരെ വിധവയായി കണക്കാക്കാനാകില്ല. അതിനാൽ അവർക്ക് വിധവാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
4. വിധവയല്ലാത്ത, എന്നാൽ ഭർത്താവിൽ നിന്ന് അകന്ന് കഴിയുന്ന വ്യക്തികൾക്ക് ചട്ട വിരുദ്ധമായി വിധവാ പെൻഷൻ അനുവദിക്കാൻ പാടില്ല.
5. ഇത്തരത്തിൽ വിധവാ പെൻഷൻ അനുവദിക്കുന്ന അവസരത്തിൽ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ പ്രാദേശിക സർക്കാർ എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്.
6. 7 വർഷമായി ഭർത്താവിനെ കാണാനില്ലാത്തവരുടെ കാര്യത്തിൽ റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, ഓഫീസ് എന്നിവ സേവനയിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് സേവനയിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

7. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അനർഹർക്ക് വിധവാ പെൻഷൻ അനുവദിക്കുകയാണെങ്കിൽ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതിന് പ്രാദേശിക സർക്കാരിലെ ബന്ധപ്പെട്ടവർ ബാധ്യസ്ഥരായിരിക്കും.

2. പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ നിലവിൽ പെൻഷൻ വാങ്ങുന്നവർക്കും ബാധകമാണ്. നിലവിൽ വിധവാ പെൻഷൻ ലഭിച്ചുവരുന്നവരുടെ അർഹത മേൽ സൂചിപ്പിച്ച നിർദ്ദേശ പ്രകാരം പുനഃപരിശോധിക്കേണ്ടതും അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ ലഭിക്കുന്നുള്ളൂ എന്നും എല്ലാ പ്രാദേശിക സർക്കാർ സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതുമാണ്.

**പ്രദീപ് കുമാർ. ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്. എസ്. എ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്.
5. പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്).
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപ്പാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്).
7. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന).
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
11. നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
12. ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (എസ്. എഫ്.സി.-ബി2/30/2018/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ